**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3836**

23.08.2017 - ൽ മറുപടിക്ക്

## ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്കുള്ള പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നല്കിയിട്ടുണ്ട്; എത്ര ഒഴിവുകൾ നിലവിലുണ്ട്; | (എ) | 570 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 65 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ റഗുലർ (യൂണിറ്റ്) വിഭാഗത്തിൽ 30/6/2017 വരെ എത്ര പേർ ജോലി ചെയ്തിട്ടുണ്ട്; ജില്ലതിരിച്ച് വിശദമാക്കാമോ; | (ബി) | 603 പേർ ജോലി ചെയ്തിരുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം-1 ൽ ചേർത്തിട്ടുണ്ട്. |
| (സി) | സഹകരണ വകുപ്പിൽ 2015 ജൂൺ മുതൽ 2016 ഒക്ടോബർ മാസം വരെയുള്ള കാലയളവിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ പുതുതായി അനുവദിച്ച തസ്തികകൾ എത്രയാണ്; വിശദമാക്കാമോ; | (സി) | ഈ തസ്തികയിൽ കെ.എസ്.ആർ 156, കെ.എസ്.ആർ 144 പ്രകാരം പുതുതായി 53 തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. അതിൽ 25 ജൂനിയർ ആഡിറ്റർ തസ്തിക, 25 സ്പെഷ്യൽ സെയിൽ ആഫീസർ തസ്തിക, 3 സെക്രട്ടറി തസ്തിക. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ സഹകരണ വകുപ്പിൽ തസ്തികമാറ്റം വഴി ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ നിയമനത്തിന് യോഗ്യരായ യു.ഡി.ക്ലാർക്ക്/യു.ഡി. ടൈപ്പിസ്റ്റുമാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | (ഡി) | സഹകരണ വകുപ്പിൽ തസ്തികമാറ്റം വഴി ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർ തസ്തികയിലേയ്ക്ക് യോഗ്യത നേടിയ യു.ഡി.ക്ലാർക്ക്/യു.ഡി. ടൈപ്പിസ്റ്റുമാരുടെ എണ്ണം 43 ആണ്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-1

**ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ റഗുലർ (യൂണിറ്റ്) വിഭാഗത്തിൽ 30.06.2017 വരെയുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ**

| ജില്ല | ജോയിന്റ് രജിസ്ട്രാർ (ജനറൽ) | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 27 | 57 | 84 |
| കൊല്ലം | 21 | 26 | 47 |
| പത്തനംതിട്ട | 17 | 16 | 33 |
| ആലപ്പുഴ. | 33 | 28 | 61 |
| കോട്ടയം | 25 | 32 | 57 |
| ഇടുക്കി | 10 | 16 | 26 |
| എറണാകുളം | 30 | 25 | 55 |
| തൃശ്ശൂർ | 27 | 36 | 63 |
| പാലക്കാട് | 16 | 12 | 28 |
| മലപ്പുറം | 16 | 11 | 27 |
| കോഴിക്കോട് | 18 | 26 | 44 |
| വയനാട് | 5 | 4 | 9 |
| കണ്ണൂർ | 21 | 28 | 49 |
| കാസർഗോഡ് | 8 | 12 | 20 |
| **ആകെ** | | | **603** |